LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിക്ക് 185 കോടി രൂപയുടെ ധനസഹായ അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചെങ്കിലും, പ്രവൃത്തിക്കായി കണ്ടെത്തിയ സ്ഥലം 2018-ലെ വെള്ളപ്പൊക്കംമൂലം അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കായി പുതിയ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതിയ സ്ഥലത്തിനനുസൃതമായി പുതുക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

പുതുക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ഭരണാനുമതി നൽകി കിഫ്ബി ധനസഹായം ഉറപ്പാക്കേണ്ടതുണ്ട്. ജലശുദ്ധീകരണശാലയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്ലാന്റ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്ലാന്റ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള II (1) ഗസറ്റ് വിജ്ഞാപനം 15-1-2021-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) നിലവിൽ പ്രസ്തുത പദ്ധതിയിൽപ്പെട്ട ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

നിലവിൽ പ്രസ്തുത പദ്ധതിയിൽപ്പെട്ട നിർമ്മാണ പ്രവൃത്തികളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല.

കുന്ദമംഗലം വാട്ടർ അതോറിറ്റി സബ്ഡിവിഷൻ ഓഫീസ്

218 (3924) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ആസ്ഥാനമായി കേരള വാട്ടർ അതോറിറ്റിയുടെ ഒരു സബ്ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

&

(ബി) കുന്ദമംഗലത്തെ മിനി സിവിൽ സ്റ്റേഷനിൽ പ്രസ്തുത ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം നിലവിലുള്ള സാഹചര്യത്തിൽ പ്രസ്തുത സബ്ഡിവിഷൻ ഓഫീസ് കുന്ദമംഗലത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കുന്ദമംഗലം ആസ്ഥാനമായി സബ്ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഇപ്പോൾ നിലവിലില്ല. ഇതുസംബന്ധിച്ച ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

കുടിവെള്ള പദ്ധതികൾ

219 (3925) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി ആവിഷ്കരിച്ച തൃക്കരിപ്പൂർ ആൻഡ് അഡ്ജോയിനിംഗ് പഞ്ചായത്ത് എന്ന പദ്ധതിയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തൃക്കരിപ്പൂരിനും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, ചെറുവത്തൂർ, പടന്ന, പീലിക്കോട്, വലിയപറമ്പ് പഞ്ചായത്തും കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം, കാങ്കോൽ - ആലപ്പടമ്പ എന്നീ പഞ്ചായത്തുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് മുന്നോടിയായി പദ്ധതി സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയുടെ (SLSSC) പരിഗണനയിൽ വച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൈപ്പ് പൊട്ടി ശുദ്ധജലം പാഴാക്കുന്നതിനെതിരെ നടപടി

220 (3926) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും പൈപ്പ് പൊട്ടി ശുദ്ധജലം പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly